എസ്.എസ്.എൽ.സി. ജയിച്ചവർ			
10 വർഷം സേവനദൈർഘ്യമുള്ള എസ്. എസ്.എൽ.സി. ജയിച്ചവർ	563	200	763
എസ്.എസ്.എൽ.സി. തോറ്റവർ	430	200	630
5 വർഷം സേവനദൈർഘ്യമുള്ള എസ്. എസ്.എൽ.സി. തോറ്റവർ	469	200	669
10 വർഷം സേവനദൈർഘ്യമുള്ള എസ്. എസ്.എൽ.സി. തോറ്റവർ	500	200	700
അംഗൻവാടി ഹെൽപ്പർ	260	200	460

(സി) 1. താൽക്കാലികമായി 2 വർഷം തുടർച്ചയായോ ഇടവിട്ടോ സേവനമുള്ള അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.

2. അംഗൻവാടി ജീവനക്കാർക്കുള്ള ശൂന്യവേതനാവധി 2 വർഷത്തിൽ നിന്നും മൂന്ന് വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

3. കുടുംബശ്രീ പദ്ധതിയുടെ പരിപാടികളിൽ ഏർപ്പെടുന്ന അംഗൻവാടി വർക്കർമാർക്ക് 100 രൂപ പഞ്ചായത്തുകൾ മുഖേന അധിക ഓണറേറിയമായി നൽകുന്നുണ്ട്.

4. കേന്ദ്രനിരക്കിൽ അനുവദിക്കുന്ന ഓണറേറിയത്തിനു പുറമെ സംസ്ഥാന വിഹിതമായി നേരത്തെ നൽകിയിരുന്ന 100 രൂപയ്ക്കുപുറമെ 100 രൂപകൂടി അധിക ഓണറേറിയമായി അംഗൻവാടി ജീവനക്കാർക്ക് നൽകി.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) അംഗൻവാടി കെട്ടിടനിർമ്മാണ പദ്ധതി 1.4.98 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അതുപ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള സാമ്പത്തികസഹായം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതാണ്.

294 (1473) അംഗൻവാടി വർക്കർമാരുടെ നിയമനം

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള എത്ര അംഗൻവാടി വർക്കർമാരും സൂപ്പർവൈസർമാരും നിലവിലുണ്ട്;

(ബി) പ്രസ്തുത ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് സർക്കാർ തുക ചെലവഴിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) സാമൂഹ്യക്ഷേമ വകുപ്പിൽ ഇപ്പോൾ അംഗൻവാടി വർക്കർമാരുടെയും സൂപ്പർവൈസർമാരുടെയും എത്ര തസ്തികകൾ വീതമുണ്ട്; ഇനം തിരിച്ചുള്ള കണക്ക് നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) മേൽപ്പറഞ്ഞ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർമാരെ നിയമിക്കാറില്ല. സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത പ്രോജക്ടുകളിൽ താൽക്കാലികമായി 3 മാസത്തേക്ക് വർക്കർമാരെ നിയമിക്കാറുണ്ട്. എന്നാൽ കരാർ അടിസ്ഥാനത്തിൽ 147 സൂപ്പർവൈസർമാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

(സി) സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസുകളിൽ ആകെ 1875 ഉം അംഗൻവാടി വർക്കർമാരുടെയും 830 സൂപ്പർവൈസർമാരുടെയും തസ്തികകൾ നിലവിലുണ്ട്.

(ഡി)&(ഇ) ഉണ്ട്. കരാർ അടിസ്ഥാനത്തിൽ നിയമിച്ച സൂപ്പർവൈസർമാരുടെ നിവേദനം പരിശോധിച്ചുവരുന്നു. താൽക്കാലിക വർക്കർമാരുടെ കാര്യത്തിൽ സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത പ്രോജക്ടുകളിൽ രണ്ടുവർഷം തുടർച്ചയായോ ഇടവിട്ടോ സേവനം പൂർത്തിയാക്കിയിട്ടുള്ള വർക്കർമാരെ സ്ഥിരപ്പെടുത്താൻ നേരത്തെതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

295 (1474) എടക്കാട് ബ്ലോക്കിൽ അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടക്കാട് ബ്ലോക്കിൽ ജനസംഖ്യാനുപാതികമായി അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണോ എന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യമെങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എടക്കാട് ബ്ലോക്കിൽ കൂടുതൽ അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ 23.4.98-ലെ ജി.ഒ.(എം.എസ്.) 15/98/സാ.ക്ഷേ.വ. പ്രകാരം എടക്കാട് ഐ.സി.ഡി.എസ്. പ്രോജക്ടിൽ 21 സെന്ററുകൾകൂടി പുനർവിന്യാസംവഴി അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ആകെ 143 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇനിയും കൂടുതൽ സെന്ററുകൾ അനുവദിക്കുന്നകാര്യം പരിഗണനയിലാണ്.

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly